# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 276 — 26.02.2018-ൽ മറുപടിയ്ക്ക്

ഇരിമ്പിളിയം ആയുർവേദ ആശുപത്രി

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ ഇരിമ്പിളിയം ആയുർവേദ ആശുപത്രി പ്രവർത്തനം താത് കാലികമായി മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്ന പ്രപ്പോസലിൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പ്രപ്പോസൽ പ്രകാരം ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടം ശോച്യാവസ്ഥയിൽ ആയതിനാൽ പുതിയ കെട്ടിടം പണിത് ആയതിന്റെ പ്രവർത്തനം തുടങ്ങുന്നതുവരെ ടി സ്ഥാപനത്തിനോട് അനുബന്ധിച്ച് പഞ്ചായത്ത് നിർമ്മിച്ച് വരുന്ന "വയോജന" കേന്ദ്രത്തിലേയ്ക്ക് തല്ക്കാലം സ്ഥാപനത്തിന്റെ പ്രവർത്തനം മാറ്റുന്നത് പരിശോധിച്ചു വരുന്നു. ആശുപത്രി ഇപ്പോഴും പഴയ കെട്ടിടത്തിൽ തന്നെ പ്രവർത്തിച്ച് വരികയാണ്. വയോജന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞാൽ പ്രസ്തുത കേന്ദ്രത്തിലേക്ക് ആശുപത്രി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | സെക്രട്ടേറിയറ്റിലെ ആരോഗ്യവകുപ്പിലുള്ള പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും നടപടികളെക്കുറിച്ചും വ്യക്തമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ആയുർവേദ ആശുപത്രിക്ക് അടിയന്തരമായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ